കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി
Kerala Regional Latin Catholic Secretariat
P.B. No. 620, U.C. College P.O., Aluva - 683102
Tel : 0484-2603705, +91-903700222
kcymlatinofficial@gmail.com

Chairman
Rt.Rev.Dr. Dennis Kuruppassery
KRLCBC Youth Commission

Director
Rev.Fr.Anoop Kalathithara OSJ
8281 588 196

President
Mr.Paul Jose
8547 444 204

General Secretary
Mr. Sherin K R
7559 922 829

KCYM/L/2025/CL/No.09-1 Date: 27/02/2026

സ്നേഹബഹുമാനപ്പെട്ട വൈദികരെ, സിസ്റ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിയിൽ നിന്നുള്ള സ്നേഹാഭിവാദ്യങ്ങൾ.

# ലാഹിരി - ലഹരി വിരുദ്ധ ക്യാമ്പയിൻ സംസ്ഥാന തല റീൽസ് മത്സരം

ഇന്നത്തെ കാലഘട്ടത്തിൽ നമ്മുടെ യുവത നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് ലഹരിവസ്തുക്കളുടെ അമിതമായ ഉപയോഗവും അതിന്റെ വ്യാപനവും. വിനാശകരമായ ഈ പ്രവണതയ്ക്കെതിരെ യുവമനസ്സുകളെ ഉണർത്തുവാനും ലഹരിമുക്തമായ ഒരു സമൂഹത്തിനായി അവരെ അണിനിരത്തുവാനും **കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതി**, **KRLCBC Temperance കമ്മീഷന്റെ** സഹകരണത്തോടെ സംസ്ഥാന തലത്തിൽ ഒരു **റീൽസ് മത്സരം** സംഘടിപ്പിക്കുന്നു.

നമ്മുടെ സർഗ്ഗാത്മകത ലഹരിക്കെതിരെയുള്ള പോരാട്ടമായി മാറ്റാൻ എല്ലാ യുവജനങ്ങളെയും ഈ മത്സരത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

### മത്സരത്തിന്റെ ലക്ഷ്യങ്ങൾ:

- യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗത്തിന്റെ അപകടസാധ്യതകൾ ചൂണ്ടിക്കാണിക്കുക.
- ലഹരിക്കെതിരെ പ്രതികരിക്കാൻ യുവതലമുറയെ പ്രാപ്തരാക്കുക.
- സമൂഹ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ സന്ദേശങ്ങൾ പ്രചരിപ്പിക്കുക.

### മത്സര നിബന്ധനകൾ:

- **പങ്കെടുക്കാവുന്നവർ:** കേരളത്തിലെ ലത്തീൻ രൂപതകളിലെ ഇടവകകളിൽ നിന്നുമുള്ള **15 മുതൽ 40 വയസു** വരെയുള്ളവർക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അവസരം (KRLCBC Temperance കമ്മീഷന്റെ അംഗംങ്ങൾക്കും കൂടെ പങ്കെടുക്കവാവുന്ന വിധത്തിൽ).
- **ഭാഷ:** വീഡിയോയിലെ സംഭാഷണങ്ങളും സന്ദേശങ്ങളും **മലയാളത്തിൽ** ആയിരിക്കണം.

- **ദൈർഘ്യവും ഫോർമാറ്റും:** വീഡിയോയുടെ ദൈർഘ്യം **പരമാവധി 60 സെക്കൻഡ്** ആയിരിക്കണം. **MP4** ഫോർമാറ്റിലുള്ള വീഡിയോകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ (ഫയൽ സൈസ് **100 MB**-യിൽ താഴെയായിരിക്കണം).
- **മൗലികത:** റീലുകൾ പൂർണ്ണമായും സ്വന്തം സൃഷ്ടിയായിരിക്കണം. ഇന്റർനെറ്റിൽ നിന്നോ മറ്റ് ഇടങ്ങളിൽ നിന്നോ കോപ്പിയടിച്ച ഉള്ളടക്കം ശ്രദ്ധയിൽപ്പെട്ടാൽ അയോഗ്യത കൽപ്പിക്കും.
- **മാന്യത:** ഏതെങ്കിലും വ്യക്തിക്കോ സമൂഹത്തിനോ നേരെയുള്ള നിന്ദ്യമായതോ, അധിക്ഷേപകരമായതോ, അപകീർത്തികരമായതോ ആയ പരാമർശങ്ങൾ പാടില്ല.
- **കോപ്പിറൈറ്റ്:** വീഡിയോയിൽ പശ്ചാത്തല സംഗീതം ഉപയോഗിക്കുമ്പോൾ കോപ്പിറൈറ്റ് നിയമങ്ങൾ ലംഘിക്കുന്നവ (copyrighted audio) ഉപയോഗിക്കാൻ പാടില്ല.
- **എൻട്രികൾ:** ഒരാൾക്ക് ഒരു എൻട്രി മാത്രമേ സമർപ്പിക്കാൻ അനുവാദമുള്ളൂ. വീഡിയോയിൽ ഒന്നിലധികം ആളുകൾക്ക് പങ്കെടുക്കാം, പക്ഷേ ഒരാളുടെ പേരിൽ മാത്രമായിരിക്കണം എൻട്രി സമർപ്പിക്കേണ്ടത്.
- **AI സൃഷ്ടികൾ :** AI (Artificial Intelligence) ഉപയോഗിച്ച് നിർമ്മിച്ച വീഡിയോകളോ മറ്റ് ഉള്ളടക്കങ്ങളോ യഥാർത്ഥ കലാസൃഷ്ടികളായി പരിഗണിക്കുന്നതല്ല.

### പൊതുവായ നിബന്ധനകളും വ്യവസ്ഥകളും:

- **പ്രസിദ്ധീകരണാവകാശം:** നിർമ്മാതാവുമായി മുൻകൂട്ടി ആലോചിക്കാതെ തന്നെ, ലഭിക്കുന്ന റീലുകൾ ഏതൊരു ഓൺലൈൻ മാധ്യമത്തിലും പ്രസിദ്ധീകരിക്കാനുള്ള പൂർണ്ണ അവകാശം സംഘാടകരിൽ നിക്ഷിപ്തമാണ്.
- **തീരുമാനം:** മത്സരത്തിലെ വിജയികളെ സംബന്ധിച്ച ജഡ്ജിംഗ് പാനലിന്റെ തീരുമാനം അന്തിമമായിരിക്കും.
- **ഉള്ളടക്ക നിയന്ത്രണം:** ഭീഷണിപ്പെടുത്തുന്നതോ, തെറ്റിദ്ധരിപ്പിക്കുന്നതോ, വ്യാജമായതോ, അധിക്ഷേപകരമോ, അശ്ലീലമോ ആയ ഉള്ളടക്കമുള്ള എൻട്രികൾ യാതൊരു മുന്നറിയിപ്പുമില്ലാതെ നിരസിക്കാനുള്ള അവകാശം സംഘാടകർക്കുണ്ടായിരിക്കും.

### സമ്മാനങ്ങൾ:

സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന മികച്ച റീലുകൾക്ക് ആകർഷകമായ ക്യാഷ് പ്രൈസും സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്:

- **ഒന്നാം സമ്മാനം:** 10000/- രൂപയും സർട്ടിഫിക്കറ്റും.
- **രണ്ടാം സമ്മാനം:** 5000/- രൂപയും സർട്ടിഫിക്കറ്റും.
- **മൂന്നാം സമ്മാനം:** 2500/- രൂപയും സർട്ടിഫിക്കറ്റും.

ലഹരിയുടെ കരാളഹസ്തങ്ങളിൽ നിന്നും നമ്മുടെ തലമുറയെ രക്ഷിക്കുവാനുള്ള ഈ എളിയ പരിശ്രമത്തിൽ എല്ലാ രൂപതകളിൽ നിന്നും യൂണിറ്റുകളിൽ നിന്നും പരമാവധി പങ്കാളിത്തം ഉറപ്പുവരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

വീഡിയോ സമർപ്പിക്കുന്നതിനായി താഴെ നൽകിയിരിക്കുന്ന ഗൂഗിൾ ഫോം ലിങ്ക് ഉപയോഗിക്കുക. രജിസ്ട്രേഷൻ ഫീസായി ഒരാൾക്കു **100/-** രൂപ ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് അടക്കുന്നതിനാവശ്യമായ UPI/QR താഴെ ചേർക്കുന്നുണ്ട്. ഫീസ് അടച്ചതിനു ശേഷം സ്ക്രീൻഷോട്ട് രജിസ്ട്രേഷനു നൽകിയിരിക്കുന്ന ഗൂഗിൾ ഫോം വഴിയേ സമർപിപ്പിക്കേണ്ട

താണ്. **മാർച്ച് 25**-നകം നിങ്ങളുടെ രജിസ്ട്രേഷൻ പൂർത്തിയാകണമെന്നു ഓർമിപ്പിക്കുന്നു. മാർച്ച് 25-ന് ശേഷം വരുന്ന എൻട്രികൾ പരിഗണിക്കുന്നതായിരിക്കില്ല. സംശയനിവാരണത്തിന് താഴെ നൽകിയിരിക്കുന്ന നമ്പറുകളിൽ ബന്ധപെടവുനതാണ്.

+91 8547444204 - പോൾ ജോസ് ( പ്രസിഡന്റ് )

+91 7559922829 - ഷെറിൻ കെ. ആർ. ( ജനറൽ സെക്രട്ടറി )

+91 7025795381 - അനീഷ് എൽ. എസ്. ( പ്രോഗ്രാം കൺവീനർ )

**രജിസ്റ്റർ ചെയ്യുന്നതിനുള്ള ലിങ്ക്** : https://forms.gle/EBLkcD6qe4cu3aXH9

## Account Details:

Name : Sherin KR
UPI ID : sherinkrply-1@okaxis
Phone : 7559922829

കെ.സി.വൈ.എം. ലാറ്റിൻ സംസ്ഥാന സമിതിക്കു വേണ്ടി

ഷെറിൻ കെ. ആർ.

ജനറൽ സെക്രട്ടറി